**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1477** **07-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് താലൂക്കിൽ കരിവേടകം വില്ലേജിലെ മിച്ചഭൂമി തർക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് താലൂക്കിൽ കരിവേടകം വില്ലേജിലെ R.S. No. 36/1-ൽപ്പെട്ടതും അന്തുമാന്റെ കൈയ്യിൽ നിന്നും ഏറ്റെടുത്തതുമായ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് കലക്ടേറ്റിൽ നാൽപ്പത്തി അഞ്ച് വർഷമായി നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കുന്നതിനായി 25.1.2021- ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എടുത്ത തീരുമാനത്തിന് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർ നടപടിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് താലൂക്കിൽ കരിവേടകം വില്ലേജിൽ ശ്രീ. അന്തുമാന്റെ കൈയ്യിൽ നിന്ന് ഏറ്റെടുത്ത മിച്ചഭൂമിയുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ നൽകിയ ഹർജ്ജിയിന്മേൽ നിയമപരമായ തുടർ നടപടി സ്വീകരിക്കുന്നതിന് കാസർഗോഡ് താലൂക്ക് ലാൻഡ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ പ്രശ്നം പരിഹരിക്കാത്തതിനാൽ ഇതിൽ ഉൾപ്പെട്ട പന്ത്രണ്ടോളം കുടുംബങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്താമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതി ന് കാസർഗോഡ് താലൂക്ക് ലാൻഡ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രശ്നപരിഹാരത്തിനും വർഷങ്ങളായി തലമുറകളായി ജീവിക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിനുമായി 25.1.21 ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എടുത്ത തീരുമാനം അംഗീകരിക്കാനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ; | (സി) | ബഹു.ഹൈക്കോടതിയുടെ 31/05/2013-ലെ WP(C) 6006/2012-ലെ വിധിന്യായത്തിലൂടെ താലൂക്ക് ലാൻഡ് ബോർഡ് പ്രഖ്യാപിച്ചതും, സർക്കാർ ഏറ്റെടുത്തതുമായ മിച്ചഭൂമിയിൽ യാതൊരു വിധ തർക്കത്തിനും സാധ്യത ഇല്ലാത്തതാണെന്നും ആയതിനാൽ 19/02/2003-ലെ താലൂക്ക് ലാൻഡ് ബോർഡിന്റെ തീരുമാനപ്രകാരം 17/08/1982-ലെ തീരുമാനം അന്തിമാണെന്നും അതിനുശേഷം യാതൊരുവിധ ഓപ്ഷനും നിയമപരിരക്ഷ ഇല്ലാത്തതും ആയതിനാൽ ശ്രീ.അന്തുമാന്റെ ഓപ്ഷന്റെയോ ജില്ലാ കളക്ടറുടെ യോഗ തീരുമാനത്തിന്റെയോ അടിസ്ഥാനത്തിൽ സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ മാറ്റം വരുത്തുവാൻ താലൂക്ക് ലാൻഡ് ബോർഡിനോ ജില്ലാ കളക്ടർമാർക്കോ നിയമപരമായി സാധിക്കാത്തതുമാണ്. |
| (ഡി) | ഇത് പരിഹരിക്കുന്നതിന് വേറെ വല്ല നിർദ്ദേശവും | (ഡി) | ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിക്കുള്ളിൽ |

| | | | |
|---|---|---|---|
| | വകുപ്പ് ആലോചിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | | നിന്നുകൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് താലൂക്ക് ലാൻഡ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ